18069

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

No.5395/SIC-G7/2017 Date:18.05.2017

പഞ്ചായത്ത് ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

സർ,

വിഷയം :- സംസ്ഥാന വിവരാവകാശ കമ്മീഷൻ - വിവരാവകാശ നിയമം 2005 - വകുപ്പ് 6(3) പ്രകാരം അപേക്ഷ കൈമാറുന്നതിനെക്കുറിച്ചുള്ള സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന :- 1. താങ്കളുടെ 19.04.2017-ലെ സി7-11109/2017 നമ്പർ കത്ത്.
2. കേന്ദ്ര പേഴ്സണൽ & ട്രെയിനിംഗ് വകുപ്പിന്റെ 12.06.2008-ലെ 10/2/08-ഐആർ നമ്പർ ഓഫീസ് മെമ്മോറാണ്ടം.

C7
23/5/17

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1 പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സൂചന 2-ൽ സൂചിപ്പിച്ച മെമ്മോറാണ്ടപ്രകാരം, വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കന്ന വിവരം ഭാഗികമായി ഒരു പൊതു അധികാരിയുടെ കൈവശം ഉണ്ടായിരിക്കുകയും ബാക്കി ഒന്നിലധികം പൊതു അധികാരികളുടെ പക്കൽ ചിതറിക്കിടക്കുകയുമാണെങ്കിൽ അപേക്ഷ കൈപ്പറ്റുന്ന പൊതു അധികാരിയുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തന്റെ കൈവശമുള്ള വിവരം നൽകിയ ശേഷം മറ്റ് വിവരങ്ങൾ ലഭിക്കാനായി ബന്ധപ്പെട്ട പൊതു അധികാരികൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷ നൽകാൻ അപേക്ഷകന് നിർദ്ദേശം നൽകേണ്ടതാണ്. എന്നാൽ അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കന്നതിൽ ഒരു വിവരവും കൈവശമില്ലാതിരിക്കുകയും അവ ഒന്നിലേറെ പൊതു അധികാരികളുടെ കൈവശം ചിതറിക്കിടക്കുകയുമാണെങ്കിൽ വിവരം ഈ പൊതു അധികാരിയുടെ കൈവശമില്ലായെന്നും, വിവരം ലഭിക്കാനായി ബന്ധപ്പെട്ട പൊതു അധികാരികൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് നിർദ്ദേശം നൽകേണ്ടതാണ്. പൊതു അധികാരിയുടെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള വിവരം നൽകാനാണ് വിവരാവകാശ നിയമം വ്യവസ്ഥ ചെയ്യുന്നത്. വിവരം ശേഖരിച്ചു നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. കൂടാതെ വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പിൽ ''മറ്റ് അധികാര സ്ഥാനം'' എന്നാണ് പറയുന്നത് അല്ലാതെ ''മറ്റ് അധികാര സ്ഥാനങ്ങൾ'' എന്നല്ല. ആയതിനാൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പല അധികാര സ്ഥാനങ്ങൾക്ക് 6(3) വകുപ്പു പ്രകാരം അപേക്ഷ കൈമാറേണ്ടതില്ല പകരം മേൽ സൂചിപ്പിച്ച ഓഫീസ് മെമ്മോറാണ്ടത്തിലെ വ്യവസ്ഥകൾ പാലിച്ചാൽ മതിയാകുന്നതാണ്.

വിശ്വസ്തതയോടെ

എൻ. വിജയകുമാർ
കമ്മീഷൻ സെക്രട്ടറി